# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 20**

---

## ഇന്ത്യയുടെ മുന്നേറ്റത്തിന് തടസം ആഭ്യന്തര വെല്ലുവിളികൾ-പ്രഫ ടി.വി. പോൾ

*ആഗോള ശക്തിയായി വളരുന്നതിനുള്ള ശ്രമത്തിൽ രാജ്യത്തുതന്നെയുള്ള പ്രശ്നങ്ങളാണ് ഇന്ത്യയ്ക്ക് വെല്ലുവിളിയാകുന്നതെന്ന് കാനഡയിലെ മക്ഗിൽ സർവ കലാശാലയിലെ അധ്യാപകനായ പ്രഫ. ടി.വി. പോൾ പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആന്റ് പൊളി റ്റിക്സ് സംഘടിപ്പിച്ച പ്രത്യേക പ്രഭാഷണ പരിപാടിയിൽ സംസാരിക്കുകയായി രുന്നു അദ്ദേഹം.*

*ബഹിരാകാശ സാങ്കേതിക വിദ്യയിലും സാമ്പത്തിക വളർച്ചയിലും വലിയ നേട്ട ങ്ങൾ കൈവരിക്കാനായെങ്കിലും ദാരിദ്ര്യം, വരുമാനത്തിലെ അസമത്വം, ഭരണപര മായ പ്രശ്നങ്ങൾ തുടങ്ങിയവ ആഗോളതലത്തിലുള്ള ഇന്ത്യയുടെ വളർച്ചയ്ക്ക് തട സമാകുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വൈസ് ചാൻസലർ ഡോ. സി.ടി. അര വിന്ദകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു.*

*ഡോ.ടി.വി പോളും സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡയറക്ടർ ഡോ. സി. വിനോദനും ചേർന്ന് എഡിറ്റ് ചെയ്ത ഏഷ്യൻ സെക്യൂരിറ്റി ആന്റ് ഇൻറർനാഷണൽ അഫയേഴ്സ് ജേണലിന്റെ പ്രത്യേക പതിപ്പിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു. ഡോ.കെ.എൻ. സീതി അധ്യക്ഷത വഹിച്ചു. ഡോ. ജോജിൻ വി. ജോൺ സംസാരിച്ചു.*

*(പി.ആർ.ഒ/39/1150/2024)*

## സയന്റിഫിക് അസിസ്റ്റന്റ് ; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററിൽ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ താത്കാലിക നിയമനത്തിന് ഇപ്പോൾ അപേക്ഷിക്കാം. ഒരു വർഷത്തേക്കാണ് നിയമനം. വാർഷിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സേവന കാലാവധി ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്.

എൻവയോൺമെന്റൽ സയൻസിലോ കെമസ്ട്രിയിലോ കുറഞ്ഞത് 60 ശതമാനം മാർക്കോടെയോ തത്തുല്യ ഗ്രേഡോടെയോ എം.എസ്സി യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. എൽസി-എംഎസ്/എച്ച്ആർഎംഎസ് അല്ലെങ്കിൽ സമാന ഉപകരണങ്ങൾ കൈകാര്യംചെയ്യുന്നതിൽ കുറഞ്ഞത് ആറു മാസത്തെ പ്രവൃത്തിപരിചയം അഭികാമ്യം.

പ്രതിമാസ ഫെലോഷിപ്പായി മുപ്പതിനായിരം രൂപ ലഭിക്കും. താൽപര്യമുള്ളവർ വിശദമായ ബയോഡാറ്റ സഹിതം ജനുവരി 10ന് മുൻപ് cic@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷ അയയ്ക്കണം. യോഗ്യതയുടെയും പ്രവൃത്തിപരിചയത്തിന്റെയും അടിസ്ഥാനത്തിൽ നടത്തുന്ന പ്രാഥമിക വിലയിരുത്തലിൽ തിരഞ്ഞെടുക്കപ്പെടുന്നവരെ അഭിമുഖത്തിന് ക്ഷണിക്കും.

(പി.ആർ.ഒ/39/1151/2024)

## സൗജന്യ തൊഴിൽ മേള 27ന്; 200ലധികം ഒഴിവുകൾ

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 27ന് രാവിലെ 10 മുതൽ സൗജന്യ തൊഴിൽ മേള നടത്തും.

വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ 200ലധികം ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി നടത്തുന്ന തൊഴിൽ മേളയിൽ എസ്.എസ്. എൽ.സി, പ്ലസ് ടൂ, ഐ.ടി.ഐ, ഡിപ്ലോമ, ഡിഗ്രി, എന്നിവയോ ഉന്നത യോഗ്യതകളോ ഉള്ളവർക്ക് പങ്കെടുക്കാം.

ഡിസംബർ 26ന് ഉച്ചയ്ക്ക് ഒന്നിനു മുൻപ് bit.ly/MCCKOTTAYAMഎന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യണം. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾ www.facebook.com/MCCKTM എന്ന ലിങ്കിൽ. ഫോൺ- 0481-2731025, 9495628626

(പി.ആർ.ഒ/39/1152/2024)

## പ്രാക്ടിക്കൽ

*അഞ്ചാം സെമസ്റ്റർ ബിവോക്ക്, അപ്ലൈഡ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി മൂന്നിന് അങ്കമാലി മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.........

*ഒന്നു മുതൽ നാലു വരെ വർഷ ബിഫാം (2016 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2011 മുതൽ 2013 വരെ അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ് ജൂലൈ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി നാലു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.............

*എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി പ്രോഗ്രാം ഇൻ ബേസിക് സയൻസ്-കെമിസ്ട്രി (പുതിയ സ്കീം-2020 അഡ്മിഷൻ റെഗുലർ സെപ്റ്റംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 31 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1153/2024)*

## സമയപരിധി നീട്ടി

*ഒന്നാം സെമസ്റ്റർ എംബിഎ (2024 അഡ്മിഷൻ റെഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ ഡിസംബർ 30 വരെയും ഫൈനോടുകൂടി ഡിസംബർ 31 വരെയും സൂപ്പർ ഫൈനോടുകൂടി ജനുവരി ഒന്നു വരെയും അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1154/2024)*

## പരീക്ഷാ തീയതി

*ആറാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ബയോകെമിസ്ട്രി (2021 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി 17 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1155/2024)*

## പരീക്ഷക്ക് അപേക്ഷിക്കാം

*രണ്ടാം വർഷ എംഎസ്സി മെഡിക്കൽ മൈക്രോബയോളജി (2022 അഡ്മിഷൻ റെഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ) പരീക്ഷകൾ ജനുവരി 20 മുതൽ ആരംഭിക്കും. ജനുവരി ആറു വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ജനുവരി ഏഴു വരെയും സൂപ്പർ ഫൈനോടുകൂടി ജനുവരി എട്ട് വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1156/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ